പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം. 4327 — 4.2.2014 ൽ മറുപടിക്ക്

## അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗ് പാർട്ണർ സ്കീം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, പി. സി. വിഷ്ണുനാഥ്<br>,, എം. എ. വാഹീദ് | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രെയിനിംഗ് പാർട്ണർ സ്കീമിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രെയിനിംഗ് പാർട്ണർ സ്കീം (TPS) ആരംഭിച്ചിട്ടുണ്ട്. 2013 ജനുവരിയിൽ കേരളത്തിലെ ആർട്ട്സ് & സയൻസ് കോളേജുകളിലെ ഫൈനൽ ഇയർ വിദ്യാർത്ഥികളിൽ നിന്നും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഐ.ടി.വൈദഗ്ദ്ധ്യവുമുള്ള 1000 പേരെ സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവ് (SDE) ആയി ജോലി ചെയ്യുന്നതിന് 'ആയിരം സുവർണ നക്ഷത്രങ്ങൾ' (Thousand Splendid Stars) പദ്ധതിയിലൂടെ തിരഞ്ഞെടുത്തിരുന്നു. ഇവർക്ക് സോഫ്റ്റ് സ്കില്ലിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും പരിശീലനം നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകൾ, ഐ.എച്ച്.ആർ.ഡി തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്ന പദ്ധതിയാണ് 'ട്രെയിനിംഗ് പാർട്ട്ണർ സ്കീം'.<br><br>ഇത്തരത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ അസാപ്പ് നിർദ്ദേശിക്കുന്ന രീതിയിൽ, ഗുണനിലവാരത്തോടെ, തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നിർവഹിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങളും നിബന്ധനകളും അസാപ് തയ്യാറാക്കി വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എ ന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | ഉന്നത വിദ്യാഭ്യാസ മേഖലയിലെ മെച്ചപ്പെട്ട സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളുടെ വൈദഗ്ദ്ധ്യവും തൊഴിൽ പരിശീലനത്തിനായി ഉപയുക്തമാക്കുക എന്ന വിശാലമായ ലക്ഷ്യമാണ് ഇതിനു പുറകിലുള്ളത്. അതോടൊപ്പം പ്രത്യേക വൈദഗ്ദ്ധ്യമേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സാധാരണ പ്രവൃത്തി സമയത്തിനു പുറത്തുള്ള മണിക്കൂറുകൾ മറ്റു വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട്. |
| സി | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ എയ്ഡഡ് കോളേജുകൾ, ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. |
| ഡി | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | കുറഞ്ഞ ചെലവിൽ മികച്ച സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ മേഖലകളിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകക എന്നുള്ളതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ